ആലപ്പുഴ ജില്ലയിലെ കൃഷിക്കാർക്ക് നൽകിയ സഹായം

587 (എ) [846] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, പി. പി. എസ് തോസ്:

,, എം. കെ. കൃഷ്ണൻ:

,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കക്കെടുതിയെത്തുടർന്നു മടവീണതിന് ആലപ്പുഴ ജില്ലയിലെ കൃഷിക്കാർക്കു എന്തെങ്കിലും സഹായം നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) എന്തു തോതുവച്ചാണ് ആശ്വാസം കൊടുത്തത്; എത്ര സംഖ്യ ഇതിനാകെ ചെലവുവന്നു;

(ഡി) മട വീണതിന് ആശ്വാസമായി വിതരണം ചെയ്ത ധനസഹായകാര്യത്തിൽ വ്യാപകമായ അഴിമതി ഉണ്ടായിട്ടുണ്ടെന്നുള്ള വല്ല പരാതിയും ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്താണാക്ഷേപം. അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) ബണ്ടുമുറിഞ്ഞ് നഷ്ടം സംഭവിച്ചവർക്കു ബണ്ടു ശരിപ്പെടുത്തുന്നതിനും, കൃഷി നാശമുണ്ടായവർക്കു വീണ്ടും കൃഷിയിറക്കുന്നതിനും സഹായകരമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) നഷ്ടം സംഭവിച്ച കൃഷിക്കാർക്കു താഴെ പറയുന്ന തോതനുസരിച്ചു സഹായങ്ങൾ നൽകിയിട്ടുണ്ട്:

1. ബണ്ടു മുറിഞ്ഞു മടവീണു മണ്ണുകയറി നഷ്ടം സംഭവിച്ച നെൽപാടങ്ങൾക്ക് ഏക്കറൊന്നിന് 50 രൂപ വീതം.

2. കൃഷി നശിച്ചവർക്കു വീണ്ടും കൃഷിയിറക്കുന്നതിന് അതതു പ്രദേശത്തിനു നിർദ്ദേശിച്ചിരിക്കുന്ന തോതനുസരിച്ചുള്ള വിത്ത്.

3. സ്വന്തമായി വിത്തുശേഖരിച്ചു കൃഷി വീണ്ടും ചെയ്ത കർഷകർക്കു ഹെക്ടർ ഒന്നിനു പരമാവധി 90 രൂപാ സബ്സിഡി.

(ഡി) വ്യാപകമായി അഴിമതി നടന്നതായി പരാതിയൊന്നുമില്ല. ആലപ്പുഴ ജില്ലയിലെ ധനസഹായവിതരണത്തെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ട്.

(ഇ) ഗുണനിലവാരമില്ലാത്ത വിത്താണു വിതരണം ചെയ്തതെന്നും അതിന് അനധികൃതമായി വിൽപ്പനനികുതി ഈടാക്കിയെന്നുമാണ് ആരോപണങ്ങൾ. അതിനെപ്പറ്റി അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly